(സി) ജലശുദ്ധീകരണശാലയ്ക്കും മറ്റുള്ള അനുയോജ്യമായ സ്ഥലം എത്രയും വേഗത്തിൽ കണ്ടെത്തി നൽകണമെന്ന് കീരമ്പാറ പഞ്ചായത്ത് അധികൃതരോട് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണം സാധ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, റവന്യൂ തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) കാലതാമസം മൂലമുള്ള നഷ്ടം കണക്കാക്കിയിട്ടില്ല.

(ഇ) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമായാൽ രണ്ടുവർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

ചീക്കോട് കുടിവെള്ള പദ്ധതി രാമനാട്ടുകര പഞ്ചായത്തിൽ

210 (2765) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ നിന്നും രാമനാട്ടുകര പഞ്ചായത്തിൽ കുടിവെള്ളം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ രാമനാട്ടുകര പഞ്ചായത്തിനെ ഉൾപ്പെടുത്തുവാൻ വേണ്ടിയുള്ള സാങ്കേതിക പഠനത്തിനായി നിർദ്ദേശിച്ചിരുന്നു.

(ബി) ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്നും രാമനാട്ടുകര പഞ്ചായത്തിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുന്നതേയുള്ളൂ.

കുടിവെള്ള സ്രോതസ്സുകളുടെ പരിരക്ഷണം

211 (2766) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകളുടെ നാശത്തിന് ത്വരിത നഗരവത്ക്കരണം കാരണമായിട്ടുണ്ട് എന്ന വസ്തുത പഠന വിധേയമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly